# ‘നിനക്കിവിടെ എന്തു കാര്യം’

## 1 രാജാക്കന്മാർ 19:10

‘‘സൈന്യങ്ങളുടെ ദൈവമായ യഹോവെക്കു വേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽമക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു നിന്റെ യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാചകന്മാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു; ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു; അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു.’’

അതിശക്തമായി ദൈവീക അരുളപ്പാടുകളെ അറിയിച്ചുകൊണ്ട് ദൈവത്തെ ശുശ്രൂഷിച്ച ഒരു പ്രവാചകനായിരുന്നല്ലോ തിശ്ബ്യനായ ഏലിയാവ്. ദൈവം ചെയ്യുവാൻ പറയുന്നത് അതു പോലെ അനുസരിക്കുന്ന ഒരു പ്രവാചകൻ. കെരീത്തുതോട്ടിനരികെ പാർക്കാൻ പറയു മ്പോഴും വീണ്ടും സാറാഫാത്തിലെ വിധവയുടെ വീട്, അവളുടെ മകന്റെ വിടുതൽ അങ്ങനെ അനവധി അത്ഭുത കാര്യങ്ങളും ദൈവപ്രവൃത്തിയും ഏലിയാവിന്റെ ജീവിതത്തി ലൂടെ ദൈവം വെളിപ്പെടുത്തുന്നു. ഇവിടെയൊക്കെ പൂർണ്ണമായും ദൈവത്തെ അനുസരി ക്കുകയും, ദൈവശക്തിയിൽ മാത്രം ആശ്രയിക്കുകയും ശരണപ്പെടുകയും ചെയ്യുന്ന ഏലിയാവിനെ നമുക്ക് കാണാം. ബാലിന്റെ ബലിപീഠം ഇടിച്ചു കളഞ്ഞ് ദൈവത്തിന്റെ സാന്നിധ്യം യാഗപീഠത്തിൽ ഇറക്കി കാണിച്ച ഏലിയാവ് വീണ്ടും പരാജയപ്പെടുന്നത് നമുക്ക് കാണാം. കാരണം ഏലിയാവിന്റെ വിശ്വാസപ്രകടനത്തിനും വിജയങ്ങൾക്കും പിന്നാലെ തന്റെ ജീവിതത്തെ നശിപ്പിക്കാനുള്ള ഈസേബെലിന്റെ ശ്രമം അവനിൽ നിരാ ശയും ഭയവും ജീവനുവേണ്ടി ഓടിപ്പോകാനുള്ള പ്രവണതയും ഉണ്ടാക്കി.

അതെ ആഹാബിനെയും ഈസേബെലിനെയും ഭയന്ന് ഹോറേബിൽ കണ്ട ഏലിയാവിനോട് ദൈവം ചോദിക്കുന്നു. ‘‘നിനക്കിവിടെ എന്തു കാര്യം (1 രാജാ 19:9). ആഹാബിന്റെ കൊട്ടാരത്തിൽ അവരെക്കൂടി നേടുവാൻ, ദൈവത്തിനുവേണ്ടി ശക്തിയോടെ നിൽക്കേണ്ടവന് മരുഭൂമിയിൽ എന്തു കാര്യം.

കുറിവാക്യമായി വായിച്ച വേദഭാഗം 1 രാജാ. 19:14–ാം വാക്യത്തിലും ആവർത്തി ക്കുന്നതായി കാണാം. ഇവിടെ ആഹാബ്‌രാജാവിലും ഈസേബെലിലും ഭയപ്പെടുവാൻ ഏലിയാവിനുണ്ടായ അനുഭവമാണ് നം കാണുന്നത്. ഹൃദയത്തിൽ അവന് ഒരു വിചാരം ഉണ്ടായി. അതേ, യിസ്രായേൽമക്കൾ എല്ലാവരും ദൈവനിയമത്തെ ഉപേക്ഷിക്കുകയും ബലിപീഠങ്ങളെ ഇടിച്ചുകളയുകയും ചെയ്തപ്പോഴും താൻ ഒരുവൻ മാത്രം ശേഷിച്ചിരിക്കുന്നു. വീണ്ടും വീണ്ടും ആവർത്തിച്ച് അവൻ അത് സംസാരിക്കുകയും,

ചെയ്യുന്നു. അല്പമായിട്ടാണെങ്കിലും ഒരു നിഗളം ഹൃദയത്തിൽ ഉണ്ടായി. അത് ദൈവികശക്തിയിൽ ബലപ്പെടാനും, ദൈവത്തിൽ വിശ്വസിക്കാനും ഒരു നിമിഷം സാധിക്കാതെ ധൈര്യഹീനനായി പോയി.

പ്രിയദൈവമക്കളെ, എന്നാൽ ദൈവംതമ്പുരാന്റെ വിശ്വസ്തതയും, കരുണയും നമുക്ക് ഏലിയാവിന്റെ ജീവിതത്തിൽ പിന്നീടും കാണാം. കൂടുതൽ ശുശ്രൂഷയ്ക്കായി അവനെ ബലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഈ വചനം ധ്യാനിക്കുമ്പോൾ ഏലിയാവിന്റെ ജീവിതത്തെ താരതമ്യം ചെയ്ത് നമുക്കും ഒന്ന് ശോധന ചെയ്യാം. ഇത്ര വലിയതായുള്ള പ്രവാചകന് ഒരു നിമിഷം ഹൃദയവിചാരത്തിനായെങ്കിൽ നമുക്ക് എത്രയധികമായി സംഭവിക്കാം. ഓരോ നിമിഷവും അവന്റെ കരുണയിൽ മാത്രം ആശ്രയിച്ചുകൊണ്ട് ദൈവിക വിശ്വസ്തതയെ ഓർത്തു സ്തോത്രം ചെയ്യാം.

ഏലിയാവിനെ മാത്രമല്ല ബാലിനു മുട്ടുമടക്കാത്ത ഏഴായിരം പേരെ ദൈവം ശേഷിപ്പിച്ചിട്ടുണ്ടായിരുന്നു. ചിലയിടങ്ങളിൽ നാമറിയാതെ, കാണാതെ ഇതുപോലെ അനേക ദൈവമക്കളെ തമ്പുരാൻ ശുശ്രൂഷയ്ക്കായി രഹസ്യമായും പരസ്യമായും ഉപയോഗിക്കുന്നു. എന്നാൽ താൻ ഒരുവന്റെ മിടുക്കും പ്രവർത്തനവും പ്രാർത്ഥനയും മാത്രമെന്ന് ഒരു നിമിഷം ഹൃദയത്തിൽപോലും ബലഹീനപ്പെട്ടുപോകാൻ ഇടയാകരുതെന്ന് ദൈവവചനം ഓർപ്പിക്കുന്നു.

സ്വന്തശക്തിയിൽ ഊന്നുമ്പോൾ താനേകനാണെന്ന് ഭീതിയുണ്ടാകുന്നു. തന്റെ മുഴുവൻ ജീവിതത്തിന്റെയും അദ്ധ്വാനവും പ്രതീക്ഷയും പരാജയത്തിൽ അവസാനിക്കുന്നതായി തോന്നും. അനേകം ദൂരം ദൈവീകസത്യത്തിനും നീതിക്കും വേണ്ടി ഓടേണ്ടവൻ ഹോരേബ് പർവ്വതത്തിൽ മരുഭൂമിയുടെ ഏകാന്തതയിലേക്ക് പോയെന്നുവരും. ഏലിയാവിന്റെ ഈ മറുപടിയിലൂടെ കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നു. അതുകൊണ്ട് ദൈവംതമ്പുരാൻ ആക്കിയ ഇടങ്ങളിൽ അവൻ പറയുവാനും പ്രവർത്തിക്കുവാനും നിലകൊള്ളുവാനും ആവശ്യപ്പെടുന്നതു മാത്രം ചെയ്യുവാനും പൂർണ്ണമഹത്വം കർത്താവിനു കരേറ്റുവാനും നമ്മുടെ ജീവിതം ഇടയാകട്ടെ.

വലുതെന്നോ ചെറുതെന്നോ ശുശ്രൂഷയില്ല. ഹൃദയത്തിന്റെ സമീപനത്തിനാണ് പ്രാധാന്യം. ഉള്ളങ്ങളെയും ഉൾപ്പൂവുകളെയും ആരായുന്നവൻ നമ്മുടെ ഉള്ളങ്ങളെ ബലപ്പെടുത്തട്ടെ. പലയിടങ്ങളിലും പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രവർത്തനങ്ങൾ, ജീവിതത്തിന്റെ പരാജയപ്പെട്ട അനുഭവങ്ങൾ ഇതൊക്കെ 'സ്വയം' എന്ന ഭാവത്തിൽ വന്നുഭവിച്ചതാണോ എന്ന് ശോധന ചെയ്യാം. 'നിനക്കിവിടെ എന്തു കാര്യം' എന്ന ചോദ്യം നമ്മോടും ഉണ്ടാകാതെ ജീവിതം പുനഃസമർപ്പിച്ച ഏലിയാവിനെപ്പോലെ നമുക്കും മുന്നേറുവാൻ കർത്താവു കൃപ നൽകട്ടെ.

പരാമർശം :

യിരെമ്യാവ് 9:23,24

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുതു; ബലവാൻ തന്റെ ബലത്തിൽ പ്രശംസിക്കരുതു; ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുതു. പ്രശംസിക്കുന്നവനോ: യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നേ പ്രശംസിക്കട്ടെ; ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളതു എന്നു യഹോവയുടെ അരുളപ്പാടു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 103